"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തരം - ജയിലുകൾ - നിലവിലുള്ള ജയിൽ മാന്വൽ പരിഷ്കരിക്കുന്നതിനായി വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3261/2024/HOME തീയതി,തിരുവനന്തപുരം, 05-11-2024

---

പരാമർശം:-

1. 01.02.2024 തീയതിയിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്.
2. ഡയറക്ടർ ജനറൽ പ്രിസണ്ടസ് & കറക്ഷണൽ സർവ്വീസസിന്റെ 08.05.2024 തീയതിയിലെ WP1-35686/2023/PrHQ നമ്പർ കത്ത്.
3. 06.08.2024 തിയതിയിലെ സ. ഉ. (സാധാ) നം.2278/2024/ആഭ്യന്തരം

**ഉത്തരവ്**

ജയിലുകളുടെ ഭരണനിർവ്വഹണം സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 01.02.2024 ൽ യോഗം ചേരുകയും 2010 - ലെ ജയിൽ നിയമത്തിലും 2014 ലെ ജയിൽ ചട്ടങ്ങളിലും ഉൾപ്പെട്ടിട്ടില്ലാത്ത കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു പുതിയ ജയിൽ മാന്വൽ തയാറാക്കുന്നതിന് നിയമ, ആഭ്യന്തര വകുപ്പ് പ്രതിനിധികൾ, ജയിൽ നിയമത്തിലും പ്രവർത്തനത്തിലും അവഗാഹമുള്ള 2 വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കാനും മൂന്ന് മാസത്തിനുള്ളിൽ സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും തീരുമാനിച്ചിരുന്നു. ഈ സമിതിയിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ പരാമർശം (2) കത്ത് പ്രകാരം ജയിൽ മേധാവി ലഭ്യമാക്കിയിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2010 - ലെ ജയിൽ നിയമത്തിലും 2014 ലെ ജയിൽ ചട്ടങ്ങളിലും ഉൾപ്പെട്ടിട്ടില്ലാത്ത കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു പുതിയ ജയിൽ മാന്വൽ തയാറാക്കുന്നതിന്, 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിൽ കാലാനുസൃതമായി വരുത്തേണ്ട ഭേദഗതികൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരാമർശം 3 പ്രകാരം രൂപീകരിച്ച, വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

3) ഈ സമിതി സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം

ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്

ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ, പൂജപ്പുര, തിരുവനന്തപുരം

ശ്രീമതി. ഇന്ദുകല പി., അഡീഷണൽ നിയമ സെക്രട്ടറി, (റിട്ട.), എൻ.സി. ആർ.എ-12,എ, കീർത്തി ലൈൻ,,നന്തങ്കോട്,,കവടിയാർ പി. ഒ., തിരുവനന്തപുരം-695003

ശ്രീ.സന്തോഷ് എസ്., ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (റിട്ട.), TC/21/1417 (5), പമ്പ് ഹൌസ് ലെയിൻ, നെടുങ്ങാട്, കരമന, തിരുവനന്തപുരം-695002

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Jijimon R
Date: 05-11-2024 16:31:07

സെക്ഷൻ ഓഫീസർ